LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാൻ നടപടി

239 (4627) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയത്ത് കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലവും കെട്ടിടവും നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

&

(ബി) പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത നാളിതുവരെ കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറ്റം ചെയ്തിട്ടില്ലാത്തതിനാൽ മുണ്ടക്കയത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

(സി) മുണ്ടക്കയത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മുണ്ടക്കയത്ത് കെ.എസ്.ആർ.ടി.സി ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

240 (4628) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരേക്കറോളം വരുന്ന പാറപ്രദേശം ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ കോമ്പൗണ്ട് വാളുകൾ ഇല്ലാത്ത ഈ ഡിപ്പോയിൽ പ്രസ്തുത പാറകൾ പൊട്ടിച്ചെടുത്തുപയോഗിച്ച് കോമ്പൗണ്ട് വാളുകൾ പണിയുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ പദ്ധതികൾ പരിഗണനയലില്ല.

(സി) നിർദ്ദിഷ്ട ന്യൂബൈപാസ് കടന്നുവരുന്നത് ഈ പ്രദേശത്തു കൂടിയാണെന്നത് പരിഗണിച്ച് പ്രസ്തുത ഡിപ്പോ കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കാമോ?

പരിഗണനയിലില്ല

(ഡി) കെ.എസ്.ആർ.ടി.സി. ആരംഭിക്കുവാനുദ്ദേശിച്ചിട്ടുള്ള ഫ്യൂവൽ പമ്പുകളുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രസ്തുത ഡിപ്പോയിൽ ഒരു ഫ്യൂവൽ പമ്പ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പമ്പുകളുള്ള 67 ഡിപ്പോകളിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കോതമംഗലം ഡിപ്പോയും ഉൾപ്പെട്ടിട്ടുണ്ട്.

വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

241 (4629) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനെ സബ് ഡിപ്പോ ആയി ഉയർത്തുവാനും ജില്ലാതല വർക്ക്ഷോപ്പ് ആരംഭിക്കുവാനും വേണ്ട നടപടിക്രമങ്ങൾ ഏതുവരെയായി?

&

(ബി) പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുവാനും എന്ന് പൂർത്തീകരിക്കാനും കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) നിലവിൽ വടക്കാഞ്ചേരിയിൽ ഓപ്പറേറ്റിംഗ് സെന്ററാണ് പ്രവർത്തിച്ചുവരുന്നത്. കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ആയത് സബ് ഡിപ്പോയായി ഉയർത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. കെ.എസ്.ആർ.ടി.സി. വടക്കാഞ്ചേരി ഡിപ്പോയിൽ ജില്ലാ വർക്ക്ഷോപ്പ് നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായി കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultant ആയ M/s. HLL Lifecare Ltd. സമർപ്പിച്ച 4,71,02,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 6-5-2021-ൽ പ്രവൃത്തിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്ക്ഷോപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവാണിയൂർ സിറ്റി വഴി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

242 (4630) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാണിയൂർ സിറ്റി വഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ പരിമിതമായതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly